പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 37

27.9.2011-ൽ മറുപടിക്ക്

മരുന്നുകളുടെ ഉത്പാദനം സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.ദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിൽ സംസ്ഥാനത്ത് പൊതുമേഖലയിൽ പുതിയ സംരംഭങ്ങൾക്കോ നിലവിലുള്ള സംരംഭങ്ങളെ സഹായിക്കുന്നതിനോ പരിപാടിയുണ്ടോ; വിശദമാക്കുമോ; | **(എ)** ആലപ്പുഴയിലെ കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൻെറ പുനരുദ്ധാരണത്തിൻെറയും ആധുനികവൽക്കരണത്തിൻെറയും ഭാഗമായി 49.15 കോടി രൂപയുടെ (പുതുക്കിയ estimate പ്രകാരം) പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. ഇതിൻെറ ഭാഗമായുള്ള ഒന്നാം ഘട്ടം 9.5 കോടി രൂപയുടെ ബീറ്റാലാക്ടം പ്ലാൻറിൻെറ നിർമ്മാണം പൂർത്തിയാകുകയും ടാബ്ലറ്റ്സ്, ക്യാപ്സൂൾസ്, ഡ്രൈ സിറപ്പ് എന്നിവയുടെ ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് cGMP സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പരിശോധനകൾ അന്തിമ ഘട്ടത്തിലാണ്. |
| **(ബി)** ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് കമ്പനി നവീകരിക്കാനുള്ള രണ്ടാംഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി എത്രതരം മരുന്നുകൾ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നറിയിക്കുമോ? | **(ബി)** കെ.എസ്.ഡി.പി-യുടെ രണ്ടാം ഘട്ട വികസനത്തിനുള്ള പദ്ധതി സർക്കാരിൻെറ സജീവ പരിഗണനയിലാണ്. രക്തസമ്മർദ്ദം, ഡയബറ്റിക്, അലർജി, വേദന, വാതം, പനി, അൾസർ തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിന് സംസ്ഥാനത്തിനാവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ, ഗുളികകൾ, ക്യാപ്സ്യൂളുകൾ, ഇൻജക്ഷനുകൾ, ലിക്വിഡുകൾ തുടങ്ങിയവ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ